സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ വില

215 (1259) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന ഏതെല്ലാം ഉൽപ്പന്നങ്ങളുടെ വില എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പരിമിതമായ ഇനം സബ്സിഡി ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുകയോ സബ്സിഡി വെട്ടിക്കുറയ്ക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഏതെല്ലാം ഇനങ്ങളുടെ വില എത്ര ശതമാനമാണ് വർദ്ധിപ്പിച്ചത് എന്നറിയിക്കാമോ ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 6-7-2012-ാം തീയതിയിലെ G.O.(MS)17/12/F&CSD പ്രകാരം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ എണ്ണം പുനർനിർണ്ണയിച്ചു. സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവേ വിൽപ്പന കുറവുള്ളതും ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ ഇനങ്ങളായ കടുക്, ജീരകം, ഉലുവ, ഉഴുന്ന് പിളർന്നത്, പീസ് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി നിരക്കിൽ നിന്നും ഒഴിവാക്കുകയും പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ചെറുപയർ, വൻപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിലവർദ്ധനവ് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

മലബാറിലെ പാചക വാതക വിതരണ തടസ്സങ്ങൾ

216 (1260) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാറിലെ പാചകവാതക വിതരണത്തിൽ പലപ്പോഴും തടസ്സങ്ങൾ നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സിലിണ്ടറുകളുടെ ഫില്ലിംഗ്, വിതരണ രംഗത്ത് ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങളിലുണ്ടാകുന്ന തടസ്സങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ ഫലപ്രദമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. സിലിണ്ടറുകളുടെ ഫില്ലിംഗ്, വിതരണ രംഗത്ത് ഉണ്ടായിട്ടുള്ള തടസ്സങ്ങൾ മലപ്പുറം ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിലും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ തലത്തിലും പരിശോധിച്ചിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുണ്ട്. കോഴിക്കോട് അഡീഷണൽ ലേബർ കമ്മിഷണർ നടത്തിയ യോഗതീരുമാനപ്രകാരം 19-2-2015 മുതൽ പാചകവാതക വിതരണം സുഗമമായി നടക്കുന്നുണ്ടെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

സപ്ലൈകോ, മാവേലി സ്റ്റോറുകളിലെ വനിതാ തൊഴിലാളികൾ

217 (1261) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ, മാവേലി സ്റ്റോറുകളിലെ വനിതാ തൊഴിലാളികളുടെ ജോലി സമയം എത്രയെന്നും ഇവർക്ക് നൽകുന്ന പ്രതിദിന വേതനം എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) ഉത്പന്നങ്ങൾ പ്ലാസ്റ്റിക് കവറുകളിലാക്കി നൽകുമ്പോൾ പാക്കിംഗ് ചാർജ്ജായി പാക്കറ്റൊന്നിന് ഉപഭോക്താവിൽ നിന്നും ഈടാക്കുന്ന തുക എത്രയെന്നും തൊഴിലാളിക്ക് നൽകുന്ന തുക എത്രയെന്നും വ്യക്തമാക്കുമോ; ഉപഭോക്താവിൽ നിന്നും ഈടാക്കുന്ന തുകയുടെ പകുതി തൊഴിലാളികൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) മുഴുവൻ ജില്ലകളിലും സപ്ലൈകോ തൊഴിലാളികളെ ഇ.പി.എഫ്, ഇ.എസ്.ഐ. ആനുകൂല്യപരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly